ബുദ്ധിമുട്ടുകളുണ്ടെങ്കിലും ഈ വർഷവും യഥാസമയത്തു തന്നെ ബണ്ടുകളുടെ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. പുറപ്പള്ളിക്കാവിലും മഞ്ഞുമ്മലിലും ബണ്ടുകളുടെ നിർമ്മാണം ഇപ്പോൾ നടന്നു വരുന്നു. ഡിസംബർ 25 ന് മുൻപ് അത് തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പതിവിന് വിപരീതമായി കടലിൽ നിന്ന് ഉപ്പുവെള്ളം നേരത്തെ നദിയിലേക്ക് കയറാൻ ഇടയായത് കണക്കിലെടുത്ത് പാതാളം ബണ്ടിന്റെ നിർമ്മാണം നേരത്തെയാക്കാനുള്ള നടപടികൾ എടുത്തുവരുകയാണ്. വർഷതോറും താൽക്കാലിക ബണ്ടുകൾക്ക് ചിലവാകുന്ന ഭീമമായ തുക കണക്കിലെടുത്ത് ഈ സ്ഥലങ്ങളിൽ സ്ഥിര നിയന്ത്രണ സംവിധാനം എന്ന നിലയിൽ മഞ്ഞുമ്മലും, പാതാളത്തും ഓരോ റെഗുലേറ്ററുകൾ നിർമ്മിക്കുന്ന കാര്യം ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ടായിരുന്നു. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം മുന്നോട്ടു പോകാനായില്ല. ഇപ്പോൾ കൊച്ചി എണ്ണ ശുദ്ധീകരണശാല അധികാരികൾ അവരുടെ ഡീസൽ ഹൈഡ്രോ-ഡീ-സൽഫറൈസേഷൻ പ്രോജക്ടിനും പവർ പ്രോജക്ടിനും ആവശ്യമായി വരുന്ന വെള്ളം പെരിയാറിൽ നിന്ന് എടുക്കാൻ അനുവദിച്ചാൽ പകരമായി ഈ റെഗുലേറ്ററുകളുടെ പണിക്ക് ആവശ്യമായി വരുന്ന 20 കോടി രൂപ നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും അഭിപ്രായത്തെ മാനിച്ച് ഇപ്പോൾ മഞ്ഞുമ്മലുള്ള ബണ്ട് പണിയാനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ നടത്തി ആ പഠനം അനുകൂലമാണെങ്കിൽ മാത്രമേ പാതാളത്ത് സ്ഥിരം ബണ്ട് നിർമ്മിക്കാൻ പാടുള്ളൂ എന്നതാണ് അവിടുത്തെ ജനങ്ങളുടേയും ജനപ്രതിനിധികളുടേയും നിലപാട്. ഇക്കാര്യത്തിൽ വിശദമായ പഠനത്തിനുള്ള ഏർപ്പാടുകളൊക്കെ ചെയ്തിട്ടുണ്ട്. വിശദമായ പഠനത്തിനുശേഷം യുക്തമായ തീരുമാനം സർക്കാർ എടുക്കുന്നതാണ്.

(9) പഞ്ചായത്ത് ജീവനക്കാരുടെ സമരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ന് കേരളത്തിലെ പതിനായിരത്തോളം വരുന്ന പഞ്ചായത്ത് ജീവനക്കാർ സമരത്തിലാണ്. സമരത്തിന് ആധാരമായിട്ട് അവർ വച്ചിരിക്കുന്ന ആവശ്യം, പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം ഹൈക്കോടതി റദ്ദാക്കിയതിനെതിരെ അപ്പീൽ കൊടുക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ്. വളരെ ദീർഘകാലത്തെ സമരത്തിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ ഗവൺമെന്റ് പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായിട്ട് മാറ്റിയത്. ഗവൺമെന്റിന്റെ ഭാഗത്ത് നിന്നും ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകുകയില്ലായെങ്കിൽ ആ എടുത്ത തീരുമാനത്തിന്റെ പ്രയോജനം ഇപ്പോൾ പഞ്ചായത്ത് ജീവനക്കാർക്ക് ലഭിക്കാതെ പോകുന്നു. അതോടൊപ്പംതന്നെ ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും അവർക്ക് ആവശ്യമായിട്ടുള്ള ആഡിറ്റിംഗ് സിസ്റ്റം നിർത്തിയിരിക്കുകയാണ്. അവിടെയുള്ള ആളുകളെ മറ്റ് സ്ഥലങ്ങളിലേക്ക് ഡിപ്ലോയ് ചെയ്തതുകൊണ്ട് അവിടുത്തെ വേക്കൻസികളെല്ലാം നിൽക്കുകയാണ്. ആഡിറ്റിംഗ് സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ശക്തിയാക്കാനെന്നുള്ള രൂപത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരേയും ജില്ലാ പഞ്ചായത്തിലെ ജീവനക്കാരേയും ഇപ്പോൾ ഡിപ്ലോയ് ചെയ്തിരിക്കുകയാണ്. അവിടെ ജീവനക്കാർ ഇല്ലാത്തതുകൊണ്ട് അവിടുത്തെ വർക്കുകളെല്ലാം സ്തംഭിച്ചിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം തന്നെ സ്തംഭിക്കുന്ന നിലയിൽ ആയിരിക്കുകയാണ്. ജില്ലാ പഞ്ചായത്തിലെ ജീവനക്കാരും ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. അതുകൊണ്ട് എത്രയും പെട്ടെന്ന് ജീവനക്കാരെ അവിടെ നിയമിക്കാനുള്ള നടപടി വേണം. അല്ലെങ്കിൽ ഫെബ്രുവരി, മാർച്ച് മാസത്തിൽ നടത്തേണ്ട പദ്ധതികളെല്ലാം തന്നെ മുടങ്ങിപ്പോകും. അതിന് അടിയന്തിരമായ നടപടി സ്വീകരിക്കണം. അതിന് പഞ്ചായത്ത് എംപ്ലോയീസ് നടത്തികൊണ്ടിരിക്കുന്ന സമരത്തിൽ ബന്ധപ്പെട്ട ആളുകളെ വിളിച്ചു വരുത്തി ചർച്ച ചെയ്ത് പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കു വേണ്ടി പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ എഴുതി സമർപ്പിച്ച സബ്മിഷനിൽ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കികൊണ്ടുള്ള ഉത്തരവ് കോടതി അസാധുവാക്കിയെന്ന് പറഞ്ഞിട്ടുള്ളത് വാസ്തവവിരുദ്ധമാണ് എന്നാണ് കാണുന്നത്. 16-6-1994 -ലെ പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഉപയോഗിച്ചുകൊണ്ടുള്ള ഉത്തരവിനെതിരെ ഒരു വിഭാഗം ജീവനക്കാർ നൽകിയിരുന്ന ഹർജി ഹൈക്കോടതി തള്ളിയിരുന്നു. ഇതിനെതിരെ ഫയൽ ചെയ്ത റിട്ട് അപ്പീലുകൾ തീർപ്പാക്കികൊണ്ട് 18-7-2000-ൽ ഹൈക്കോടതി നൽകിയ വിധിയിൽ സ്പെഷ്യൽ റൂൾസിന് മുൻകാല പ്രാബല്യം നൽകുക വഴി 1-1-1990 നും 20-10-1993 നും ഇടയിൽ ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ആർജിത അവകാശം ഹനിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിൻമേൽ അപ്പീൽ നൽകേണ്ട സാഹചര്യമില്ല. ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്തുവാൻ 66 യൂണിറ്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇപ്പോൾ ജില്ലാ പഞ്ചായത്തുകളിലുള്ള രണ്ട് വീതം സൂപ്രണ്ടുമാരെ പിൻവലിച്ച് ഈ ആവശ്യത്തിന് നൽകുന്നതാണ്. എന്നാൽ ഇതുകാരണം ജില്ലാ പഞ്ചായത്തുകൾക്ക് വിഷമം ഉണ്ടാകാതിരിക്കാൻ പഞ്ചായത്തു വകുപ്പുകളിൽ നിന്നും ബ്ലോക്കുകളിലേക്ക് നൽകിയ ഓരോ ജൂനിയർ സൂപ്രണ്ടിനേയും ഓരോ ഹെഡ് ക്ലാർക്കിനേയും ജില്ലാ പഞ്ചായത്തിന് നൽകുന്നതാണ്. പഞ്ചായത്തു വകുപ്പിലെ ജീവനക്കാരെ ബ്ലോക്കിൽ നിന്നും പിൻവലിച്ചാലും ബ്ലോക്കുകളിലെ പ്രവർത്തനത്തെ അത് ബാധിക്കില്ല. പെർഫോമൻസ് ഓഡിറ്റിംഗ് സമ്പ്രദായം സാധിക്കില്ല എന്നും കണ്ടിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനുവേണ്ടി കൈക്കൊള്ളാവുന്ന ഈ നടപടികൾ കൊണ്ട് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വല്ല സ്തംഭനവും ഉണ്ടാകുകയോ ജീവനക്കാർക്ക് വല്ല വൈഷമ്യങ്ങളും ഉണ്ടാകുകയോ ഇല്ല എന്നുള്ളതാണ് വസ്തുത. എന്തെങ്കിലും ഉണ്ടെങ്കിൽ ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly